LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം കുളങ്ങളുടെ നവീകരണം നടന്നിട്ടില്ല.

(സി) KLDC വഴി സംസ്ഥാനത്തൊട്ടാകെ 1000 കുളങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതിയാണ് സഹസ്ര സരോവർ. പ്രസ്തുത പദ്ധതിയിൽപ്പെടുത്തി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

**ജലവിഭവ വകുപ്പിന് ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ**

205(2390)ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിന് കീഴിൽ 2017-2018 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇതു വരെ ഭരണാനുമതി ലഭിക്കാത്തതും ഭരണാനുമതി ലഭിച്ചിട്ടും പ്രവർത്തനങ്ങൾ ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

ജലസേചന വകുപ്പ്

ജലവിഭവ വകുപ്പിന് കീഴിൽ 2017-2018 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇതുവരെ ഭരണാനുമതി ലഭിക്കാത്തതും ഭരണാനുമതി ലഭിച്ചിട്ടും പ്രവർത്തനങ്ങൾ ആരംഭിക്കാത്തതുമായ ജലസേചന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

കേരള ജല അതോറിറ്റി

ജലവിഭവ വകുപ്പിനുകീഴിൽ 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 34 കുടിവെള്ള പദ്ധതികളും മറുപടി പ്രസംഗത്തിൽ പുളിമാത്ത്, നഗരൂർ, കരവാരം പഞ്ചായത്തുകളിലേയ്ക്കുള്ള ഒരു പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 22 പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സമർപ്പിക്കുകയും 16 പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ 16 പദ്ധതികളും കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2017-18 ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഖണ്ഡിക 14, ക്രമനമ്പർ 37-42 പ്രകാരം പ്രഖ്യാപിച്ച 6 ജലവിതരണ പദ്ധതികൾക്ക് 20% ഫണ്ട് നീക്കിവച്ചിരുന്നു. എന്നാൽ ധനകാര്യ വകുപ്പുമന്ത്രി 09.05.2017 -ൽ നടത്തിയ യോഗത്തിൽ, 2017-18 ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞിരുന്ന 10 കോടി രൂപയ്ക്കുമേൽ വരുന്ന പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിൽ 5 പദ്ധതികൾ കിഫ്ബിയിലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

ഐ.ഡി.ആർ.ബി.

2017-18-ൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളിൽ 22 പര്യവേഷണ പ്രവൃത്തികളിൽ രണ്ടെണ്ണത്തിന് ഭരണാനുമതി നൽകിയിട്ടില്ല ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

പദ്ധതി വിഭാഗം 1

2017-18 ബജറ്റിൽ ഉൾപ്പെട്ട ചിറ്റൂർപ്പുഴ പദ്ധതിക്ക് കീഴിൽവരുന്ന കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം എന്നീ ഏരിയകളുടെ നവീകരണം എന്ന പ്രവൃത്തികൾക്കായുള്ള Detailed Project Report തയ്യാറാക്കിയിട്ടുണ്ട്.

ചിറ്റൂർപ്പുഴ പദ്ധതിയിലെ കാഡാ ചാനലുകളുടെ നവീകരണം (10 കോടി രൂപ), മംഗലം, ചേരാമംഗലം പദ്ധതികളിൽ കാഡാ ഫീൽഡ് കനാലുകളുടെയും ഫീൽഡ് ബോത്തികളുടെയും പുനരുദ്ധാരണം എന്നീ പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്ന നടപടി പുരോഗമിച്ചുവരുന്നു.

പദ്ധതി വിഭാഗം -2

2017-18 സാമ്പത്തിക വർഷം ബജറ്റിലുൾപ്പെട്ട ഇടമലയാർ ഇറിഗേഷൻ പദ്ധതി, മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി എന്നിവയുടെ 2017-18 വർഷത്തെ ആക്ഷൻ പ്ലാൻ അംഗീകരിക്കുകയും ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

പാമ്പാർ ബേസിൻ പ്രോജക്ടിലെ പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണത്തിന് 2017-18 സാമ്പത്തിക വർഷം 13 കോടി രൂപ ബജറ്റ് വിഹിതം ലഭിച്ചിരുന്നു. പട്ടിശ്ശേരി ഡാമിന്റെ ഡിസൈനിൽ മാറ്റംവന്നതിനാൽ പുതുക്കിയ ഡിസൈൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുന്ന മറ്റ് ഡാമുകളുടെ നിർമ്മാണത്തിനായി 40 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുന്ന ഒറ്റമരം, അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ എന്നീ ഡാമുകളുടെ പര്യവേഷണ പ്രവൃത്തികൾ നടന്നുവരുന്നു.

2017-18 വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിന് കീഴിൽ വരുന്ന മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന ചെംപ്ലാവ്, കുറ്റനാൽക്കടവ് എന്നിവിടങ്ങളിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മിനി ഡാമുകളുടെ പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുവേണ്ടി പ്രിൻസിപ്പൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ജലനിധി</u>

ജലവിഭവ വകുപ്പിന്റെകീഴിലുള്ള കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായ മഴകേന്ദ്രം നടപ്പിലാക്കുന്ന മഴവെള്ള സംഭരണം- ഭൂജല പരിപോഷണം പദ്ധതിക്ക് 2017-18 -ലെ ബജറ്റിൽ 18.20 കോടി രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ ദർഘാസ് നടപടികൾ ഇതിനോടകം പൂർത്തിയാക്കി. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. പദ്ധതിയുടെ ചെലവിലേയ്ക്ക് ആദ്യഗഡുവായ 5.00 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്.

**കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ള വിതരണത്തിന് ഉപയോഗപ്പെടുത്താൻ പദ്ധതി**

206 (2391) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി വരുന്ന സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിൽ നിലവിലുള്ളതു പോലെ കടലിലെ ഉപ്പുവെള്ളം ശുദ്ധീകരിച്ച് വിവിധ മേഖലകളിൽ കുടിവെള്ള വിതരണത്തിനായി ഉപയോഗപ്പെടുത്താൻ പദ്ധതിയുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ ആറുകളും തോടുകളും ശുദ്ധജല സ്രോതസ്സുകളും സംരക്ഷിക്കാനുള്ള പുതിയ പദ്ധതികൾ ഓരോ നിയോജകമണ്ഡലത്തിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly